LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലയിലെ ആശുപത്രികളിലെ ഒഴിവുകൾ

56 (763) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ആശുപത്രികളിൽ ഡോക്ടർമാരുൾപ്പെടെ എത്ര ജീവനക്കാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) പാലക്കാട് മെഡിക്കൽ കോളേജിനായി പുതിയതായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 381 ഒഴിവുകൾ. ഒഴിവുള്ള ഡോക്ടർമാർ ഉൾപ്പെടെയുള്ള തസ്തികയിലേക്ക് അഡ്ഹോക്ക്/എൻ.ആർ.എച്ച്.എം. വഴി നിയമനം നടത്തി ഒഴിവുകൾ നികത്തിയിട്ടുണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സിവിൽ സർജൻ, കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ് എന്നീ തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റിന്റെ തസ്തികയിൽ പ്ലേസ്മെന്റ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം 103 ക്ലിനിക്കൽ സ്റ്റാഫിനെയും 53 നോൺ ടീച്ചിങ്ങ് സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ എൻഡോസൾഫാൻ ബാധിതർ

57 (764) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ എൻഡോസൾഫാൻ ബാധിതരെ കണ്ടെത്തുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് എൻഡോസൾഫാന്റെ ഉപയോഗം കണ്ടെത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) എൻഡോസൾഫാൻ ബാധിതർക്ക് സമാനമായ രോഗലക്ഷണമുള്ള എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട്; ഇവരുടെ സംരക്ഷണത്തിനായി പ്രത്യേക പാക്കേജ് എന്തെങ്കിലും പ്രഖ്യാപിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തരമായി പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) എൻഡോസൾഫാൻ ഉപയോഗം പാലക്കാട് ജില്ലയിൽ ഇല്ലാതാക്കാൻ ആവശ്യമായ അടിയന്തര നടപടി സർക്കാർ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറുടെ 3-5-2011-ലെ സി2/14526/2010-ാം നമ്പർ പ്രകാരം ജില്ലയിലെ ഒഴലപ്പതി, കൊല്ലങ്കോട്, ഷോളയൂർ, പുത്തൂർ, കുമരംപുത്തൂർ, അകത്തേതറ, നെല്ലിയാമ്പതി, വണ്ണാമട മേഖലയിൽ 3-5-2011 മുതൽ 9-5-2011 വരെ പ്രാഥമിക സർവ്വേകൾ നടത്തുകയും എൻഡോസൾഫാൻ ബാധിതരെന്ന് സംശയിക്കുന്ന 142 പേരുടെ പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുമുമ്പ് 19-11-2010, 20-11-2010 തീയതികളിൽ ജില്ലയിലെ മുതലമട, കൊല്ലങ്കോട് എന്നീ പഞ്ചായത്തുകളിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പ്രാഥമിക സർവ്വേ നടത്തുകയും 46 പേരുടെ പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക സർവ്വേകളിൽ കണ്ടെത്തിയിട്ടുള്ള 188 പേരിൽ യഥാർത്ഥ എൻഡോസൾഫാൻ ബാധിതരെ കണ്ടെത്തുന്നതിനായി തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ നിന്നും വിദഗ്ദ്ധ സംഘം 29-10-2014-ന് ജില്ല സന്ദർശിച്ചു. അംഗവൈകല്യമുള്ള 77 പേർ പ്രസ്തുത ക്യാമ്പിൽ പങ്കെടുത്തു. അതിൽ അംഗവൈകല്യം സംഭവിക്കാൻ പ്രത്യേക കാരണം സ്ഥിരീകരിക്കാൻ കഴിയാത്ത 29 പേർ എൻഡോസൾഫാൻ ബാധിതർ തന്നെയെന്ന് സ്ഥിരീകരിക്കുന്നതിനായി പരിസ്ഥിതി പഠനങ്ങളും പ്രസ്തുത മേഖലകളിൽ എൻഡോസൾഫാൻ സാന്നിദ്ധ്യം ഉണ്ടോ എന്നുള്ള പഠനങ്ങളും അനിവാര്യമാണെന്ന് വിദഗ്ദ്ധസംഘം റിപ്പോർട്ട് നൽകിയിട്ടുണ്ട്. മറ്റ് 8 പഞ്ചായത്തുകളിൽകൂടി മുതലമടയിൽ എന്നപോലെ സമാനമായ ക്യാമ്പുകൾ സംഘടിപ്പിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) ഇതുമായി ബന്ധപ്പെട്ട പഠനം ആരോഗ്യ വകുപ്പ് നടത്തിയിട്ടില്ല. പ്രാഥമിക സർവ്വേയിൽ എൻഡോസൾഫാൻ ബാധിതരെന്ന് സംശയിക്കുന്നതും അംഗവൈകല്യമുള്ളതുമായ 189 പേരെ കണ്ടെത്തിയിട്ടുണ്ട്. (ചോദ്യം ഒന്നിന്റെ ഉത്തരത്തിൽ പറഞ്ഞ 188 പേരും പുതുനഗരത്തിൽ നിന്ന് റിപ്പോർട്ട് ചെയ്ത ഒരാളുമുൾപ്പെടെ 189) തൃശ്ശൂർ മെഡിക്കൽ കോളേജിലെ വിദഗ്ദ്ധർ നടത്തിയ ക്യാമ്പിൽ 29 പേരെ എൻഡോസൾഫാൻ ദുരിതബാധിതരെന്ന് സംശയിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ സ്ഥിരീകരണത്തിന് കൂടുതൽ പഠനങ്ങൾ ആവശ്യമാണ്. ദുരിതബാധിതർ എന്ന് സ്ഥിരീകരിക്കുന്നവർക്കുള്ള പാക്കേജ് സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

(ഡി) കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 19-11-2010 പി.സി.ബി/എൽ/1541/2001-ാം നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം ഹെൽത്ത് മിഷനും സഹകരിക്കുന്നുണ്ട്. സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ സഹകരണം, ആരോഗ്യ പ്രവർത്തകരുടെ സഹകരണം, എന്നിവ ആരോഗ്യ വകുപ്പിൽ നിന്നും നൽകിവരുന്നു. എൻഡോസൾഫാന്റെ ഉപയോഗം നിരോധിക്കുകയും ആയതുമായി ബന്ധപ്പെട്ട് പത്രക്കുറിപ്പ് ഇറക്കുകയും ചെയ്തിട്ടുണ്ട്.

കീടനാശിനി വിമുക്തമായ പച്ചക്കറികൾ

58 (765) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽനിന്ന് എത്തുന്ന പച്ചക്കറികളിൽ മാരകവിഷം വൻതോതിൽ ഉപയോഗിച്ചിട്ടുണ്ട് എന്ന പത്രവാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) ക്യാൻസർ ഉൾപ്പടെയുള്ള മാരക രോഗങ്ങൾക്ക് ഇടയാക്കുന്ന ഇത്തരം വിഷം നിറഞ്ഞ പച്ചക്കറികൾ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) കീടനാശിനി വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ;

(ഡി) എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഫുഡ് സേഫ്റ്റി ഓഫീസ് സ്ഥാപിച്ച് ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly